ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.12.2024**

### പ്രധാനവാർത്തകൾ

1) രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി കുവൈത്തിലേക്ക് പുറപ്പെട്ടു.

2) രാജസ്ഥാനിൽ നടക്കുന്ന ജി.എസ്.ടി കൗൺസിലിൻറെ 55-ാമത് യോഗത്തിന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അധ്യക്ഷത വഹിക്കുന്നു. കേരളത്തിൽ നിന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പങ്കെടുക്കുന്നു.

3) കേന്ദ്ര മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നാളെ.

4) സപ്ലൈകോ ക്രിസ്തുമസ്-ന്യൂ ഇയർ ഫെയറുകൾക്ക് ഇന്ന് തുടക്കം.

5) തിരുവനന്തപുരം ചെങ്കൽ സ്കൂളിൽ ഏഴാം ക്ലാസുകാരിക്ക് പാമ്പുകടിയേറ്റ സംഭവത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ട് മന്ത്രി വി.ശിവൻകുട്ടി.

PNU TVPM

6) **സന്തോഷ് ട്രോഫി ഫുട്ബോളിൽ ജമ്മു കശ്മീർ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തെലങ്കാനയെ പരാജയപ്പെത്തി.**

***********************************************************

## <u>പ്രധാനമന്ത്രി</u>

രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി കുവൈത്തിലേക്ക് പുറപ്പെട്ടു. ഊർജം, വ്യാപാരം എന്നിവയിൽ മാത്രമല്ല സമാധാനം, സുരക്ഷ. പശ്ചിമേഷ്യയുടെ അഭിവൃദ്ധി എന്നിവയിൽ ഇരു രാജ്യങ്ങൾക്കും ഒരേ താത്പര്യമാണുള്ളതെന്ന് യാത്രയ്ക്കു മുന്നോടിയായി പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. കുവൈത്ത് അമീർ ഷെയ്ഖ് മെഷാൽ അൽ അഹമ്മദ് അൽ ജാബർ അൽ സബാഹിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. 43 വർഷത്തിന് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈത്ത് സന്ദർശിക്കുന്നത്. സന്ദർശന വേളയിൽ കുവൈത്ത് നേതൃത്വവുമായി ശ്രീ മോദി ചർച്ച നടത്തും. കുവൈത്തിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കുന്ന പ്രധാനമന്ത്രി ലേബർ ക്യാമ്പുകളും സന്ദർശിക്കും. 26-മത് അറേബ്യൻ ഗൾഫ് കപ്പിന്റെ ഉദ്ഘാടന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

RNUTVPM

***********************************************************

## <u>ജി.എസ്.ടി കൗൺസിൽ യോഗം</u>

രാജസ്ഥാനിലെ ജയ്സാൽമീറിൽ നടക്കുന്ന 55-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അധ്യക്ഷത വഹിക്കുന്നു. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട പ്രധാന

വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ധനമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിൽ നിന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ പങ്കെടുക്കുന്നുണ്ട്.

************************************************************

## മനോഹർ ലാൽ

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം നാളെ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. തുടർന്ന് കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങളും വിലയിരുത്തും.

************************************************************

## എം.ടി വാസുദേവൻ നായർ

RNU TVPM

കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന സാഹിത്യകാരൻ എം.ടി.വാസുദേവൻ നായരുടെ ആരോഗ്യ നിലയിൽ നേരിയ പുരോഗതി. ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിൽ ചികിൽസയിൽ കഴിയുന്ന അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വിദഗ്ധ ഡോക്ടർമാർ നിരീക്ഷിച്ചുവരികയാണ്.

************************************************************

## സപ്ലൈകോ

സപ്ലൈകോ ക്രിസ്മസ്-ന്യൂ ഇയർ ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന്

തിരുവനന്തപുരത്ത് നിർവഹിക്കും. ഈ മാസം 30 വരെ നീളുന്ന വിപണന മേളയിൽ 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പുറമെ ശബരി ഉൽപ്പന്നങ്ങളും 10 മുതൽ 40 ശതമാനം വിലക്കുറവിൽ ലഭിക്കും.

*************************************************************

## ശബരിമല ദർശനം (ഇൻട്രോ)

മണ്ഡലപൂജയ്ക്ക് നാലുനാൾ മാത്രം ശേഷിക്കേ തീർഥാടകരാൽ നിറഞ്ഞ് സന്നിധാനം. മണിക്കൂറുകൾ കാത്തുനിന്നാണ് ഭക്തർ ദർശനം നടത്തുന്നത്. സന്നിധാനത്ത് 25, 26 തീയതികളിൽ തിരക്ക് നിയന്ത്രിക്കാൻ വെർച്വൽ ക്യൂ ബുക്കിംഗ് കുറച്ചിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ....**

(വോയിസ്)

RNU TVPM

*************************************************************

## പി.രാജീവ്

നിയമങ്ങളും ചട്ടങ്ങളും വ്യാഖ്യാനിക്കേണ്ടത് ജനോപകാരം ലക്ഷ്യമിട്ടായിരിക്കണമെന്ന് മന്ത്രി പി. രാജീവ്. കരുതലും കൈത്താങ്ങും കൊച്ചി താലൂക്ക് അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അദാലത്തിൽ പരാതികൾ കുറയുന്നത് സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് തെളിവാണെന്നും മന്ത്രി പറഞ്ഞു.

*************************************************************

## വി.ശിവൻകുട്ടി

തിരുവനന്തപുരം ചെങ്കൽ യു.പി. സ്കൂളിലെ ഏഴാം ക്ലാസുകാരിക്ക് സ്കൂളിൽ വച്ച് പാമ്പുകടിയേറ്റ സംഭവത്തിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് മന്ത്രി വി.ശിവൻകുട്ടി നിർദ്ദേശം നൽകി. നെയ്യാറ്റിൻകര ചെങ്കൽ സ്കൂളിലെ ഏഴാം ക്ലാസുകാരി നേഘയ്ക്ക് കഴിഞ്ഞ ദിവസമാണ് പാമ്പ്

കടിയേറ്റത്. സ്കൂളിൽ ക്രിസ്തുമസ് ആഘോഷം നടക്കുന്നതിനിടെയാണ് സംഭവം.

*******************************************************

## വള്ളംകളി (ഇൻട്രോ)

പ്രസിഡന്റ്സ് ട്രോഫി വള്ളംകളി ഇന്ന് ഉച്ചയ്ക്കുശേഷം കൊല്ലം നഗരത്തിലെ അഷ്ടമുടിക്കായലിൽ നടക്കും. മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ.....**
(വോയിസ്)

RNU TVPM

*******************************************************

## ഇരട്ട ജീവപര്യന്തം

കാഞ്ഞിരപ്പള്ളിയിൽ സ്വത്ത് തർക്കത്തെ തുടർന്ന് സഹോദരനെയും മാതൃസഹോദരനെയും വെടിവെച്ച് കൊന്ന കേസിൽ പ്രതിക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചു. ജോർജ് കുര്യനാണ് കോട്ടയം അഡീഷണൽ സെഷൻസ് കോടതി ശിക്ഷ വിധിച്ചത്. ജോർജ്ജിന്റെ ഇളയ സഹോദരൻ, മാതൃസഹോദരൻ എന്നിവരെ കാഞ്ഞിരപ്പള്ളിയിലെ കുടുംബവീട്ടിൽ വച്ച് 2022 -ൽ വെടിവെച്ച് കൊലപ്പെടുത്തിയെന്നാണ് കേസ്.

***********************************************************

## ലോകാരോഗ്യ സംഘടന

മലേറിയ കേസുകളും അനുബന്ധ മരണനിരക്കും ലഘൂകരിക്കുന്നതിൽ ഇന്ത്യ മികച്ച പുരോഗതി കൈവരിച്ചതായി ലോകാരോഗ്യ സംഘടന. WHO യുടെ ഈ വർഷത്തെ വേൾഡ് മലേറിയ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഗ്രാമ പ്രദേശങ്ങളിൽ മലേറിയ ഫലപ്രദമായി കുറയ്ക്കുന്നതിൽ ഇന്ത്യയിലെ കമ്മ്യൂണിറ്റി ഹെൽത്ത് പ്രവർത്തകരുടെ സംഭാവനകളും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

***********************************************************

## ഇടുക്കി-ക്രിസ്തുമസ് (ഇൻട്രോ)

PIU TVPM

ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്കായി മൂന്നാറിലേക്കെത്തുന്ന വിനോദ സഞ്ചാരികളെ ആകർഷിക്കാനായി മൂന്നാർ ബൊട്ടാണിക്കൽ ഗാർഡനൊരുങ്ങി. 21 മുതൽ 31 വരെ നീളുന്ന വിന്റർ മ്യൂസിക്കൽ നൈറ്റ്സാണ് ഇത്തവണ ബൊട്ടാണിക്കൽ ഗാർഡനിൽ സഞ്ചാരികൾക്കായി ഒരുക്കുന്നത്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയിസ്)

***********************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ “**നല്ല വാർത്ത**” എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ജമ്മു കശ്മീർ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തെലങ്കാനയെ പരാജയപ്പെടുത്തി. ഉച്ചക്ക് 2.30 ന് രാജസ്ഥാൻ, സർവീസസിനെയും രാത്രി 7.30 ന് ബംഗാൾ - മണിപ്പൂരിനെയും നേരിടും. തുടർച്ചയായ നാലാം ജയം തേടി കേരളം നാളെ ഡൽഹിയെ നേരിടും.

RNU TVPM

**************************************************************

## തീര ശുചീകരണ യജ്ഞം

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിൽ കണ്ണൂരിലും ലക്ഷദ്വീപിലെ കവരത്തിയിലുമുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ ഫീൽഡ് ഓഫീസുകൾ സംയുക്തമായി അമിനി ദ്വീപിൽ തീരശുചീകരണ പരിപാടി സംഘടിപ്പിച്ചു. വില്ലേജ് ദ്വീപ് പഞ്ചായത്തും വനിതാ ശിശു വികസന വകുപ്പുമായി സഹകരിച്ചായിരുന്നു ശുചീകരണ യജ്ഞം. കേന്ദ്ര വികസന ക്ഷേമ പദ്ധതികളെക്കുറിച്ച് അമിനി ദ്വീപിൽ നടത്തുന്ന രണ്ട് ദിവസത്തെ സംയോജിത ആശയ വിനിമയ പരിപാടിക്ക് മുന്നോടിയായാണ് ശുചീകരണ പ്രവൃത്തികൾ സംഘടിപ്പിച്ചത്.

**************************************************************

## കട്ടപ്പന-ആത്മഹത്യ

കട്ടപ്പന റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് മുന്നിൽ ആത്മഹത്യ ചെയ്ത സാബുവിന്റെ ഭാര്യ മേരിക്കുട്ടിയുടെ മൊഴി പോലീസ് രേഖപ്പെടുത്തി. സ്റ്റേഷൻ ഹൗസ് ഓഫീസർ ടി മുരുകന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് മൊഴി എടുത്തത്.

**********************************************************

## കണ്ണൂർ-സാഹിത്യോത്സവം

കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽ നടന്നു വരുന്ന കണ്ണൂർ സാഹിത്യോത്സവം പുരോഗമിക്കുന്നു. രാവിലെ എംബസിക്കാലം എന്ന വിഷയത്തിൽ എം.മുകുന്ദനുമായി, ഇ.പി.രാജഗോപാലൻ സംവദിച്ചു. സാഹിത്യോത്സവം നാളെ സമാപിക്കും.

RNU TVPM

**********************************************************

## കെ.സുധാകരൻ

ഡോ. ബി.ആർ.അംബേദ്കറോടുള്ള ആദരസൂചകമായി കോൺഗ്രസിന്റെ നേതൃത്വത്തിൽ റിപ്പബ്ലിക് ദിനം കേരളത്തിൽ ബി.ആർ.അംബേദ്കർ ദിനമായി ആചരിക്കുമെന്ന് കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ. രാഹുൽ ഗാന്ധിക്കെതിരേ കെസെടുത്തതിനും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അംബേദ്കർ പരാമർശത്തിനെതിരെയും തലശേരി ടൗണിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധപ്രകടനത്തിന് നേതൃത്വം നൽകുകയായിരുന്നു അദ്ദേഹം.

**********************************************************

**<u>പാലക്കാട് -അപകടം</u>**

പാലക്കാട് പുതുപ്പരിയാരത്ത് ബൈക്കും ലോറിയും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. മക്കരപ്പറമ്പ് സ്വദേശികളായ കണ്ണൻ, റിൻഷാദ് എന്നിവരാണ് മരിച്ചത്.

പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ ഇന്ന് പുലർച്ചെയായിരുന്നു അപകടം.

****************************************************************************************************

*******************************************************

RNU TVPM